# ബിസ്ലേരി തൃശൂരിൽ വെള്ളമൂറ്റുന്നു

**പ്രശാന്ത്**

തൃശൂർ:ബഹുരാഷ്ട്ര കുത്തകകമ്പനിയായ ബിസ്ലേരിയ്ക്കായി തൃശ്ശൂർ ജില്ലയിലെ മാടക്കത്ര പഞ്ചായത്തിൽ വെള്ളമെടുക്കുന്നത് ആശങ്കകളുയർത്തുന്നു. ബിസ്ലേരിയുടെ ഫ്രാഞ്ചൈസി യൂണിറ്റിലെ ഒരു വലിയ കിണറിൽ നിന്ന് പതിനയ്യായിരത്തോളം ലിറ്ററാണത്രെ പ്രതിദിനം വെള്ളമൂറ്റുന്നത്.

യഥേഷ്ടം ജലസാധ്യതയുള്ള ജലക്ഷാമമില്ലാത്ത പ്രദേശമാണ് മണ്ണുത്തിയ്ക്കടുത്ത മാടക്കത്ര പഞ്ചായത്ത്. പീച്ചി കനാലും പൈപ്പ് ലൈനും ഈ പ്രദേശത്തുകൂടിയാണ് കടന്നുപോകുന്നത്. പീച്ചി ഷട്ടർ തുറന്നിരിക്കുമ്പോൾ യഥേഷ്ടമാകുന്ന കിണറുകളിലെ വെള്ളത്തിലാണ് ബിസ്ലേരി കണ്ണുവച്ചിരിക്കുന്നത്.

പ്രതിദിനം പതിനയ്യായിരം ലിറ്ററോളം ജലം ഇവിടെനിന്ന് കൊണ്ടുപോകുന്നുണ്ടെന്ന് അറിഞ്ഞതായി സമീപവാസി പറയുന്നു. ഇത് ചില ദിവസങ്ങളിൽ അതിൽ കൂടുതലും കൊണ്ടുപോകാറുണ്ടത്രെ. ബോട്ടിലിംഗ് യൂണിറ്റ് അധികൃതർ ഇത് സമ്മതിക്കാൻ തയ്യാറായില്ലെങ്കിലും കമ്പനി ആവശ്യപ്പെടുന്ന അളവിൽ വെള്ളമെത്തിക്കാറുണ്ടെന്ന് സമ്മതിക്കുന്നു.

ബിസ്ലേരി ഫ്രാഞ്ചൈസി യൂണിറ്റ് പ്രവർത്തിച്ചു തുടങ്ങിയിട്ട് ഒരു വർഷത്തോളമേ ആയിട്ടുള്ളൂ. ക്രമേണ കൂടുതൽ കിണറുകൾ കുത്തി ജലദൗർലഭ്യപ്രദേശമാക്കി മാറ്റിയേക്കുമെന്ന ആശങ്ക നാട്ടുകാരിൽ ചിലർക്കെങ്കിലും ഉണ്ട്. എന്നാൽ ഇങ്ങനെ ഒരു പ്ലാന്റ് ഉള്ളതായോ വെള്ളമൂറ്റുന്നതിന്റെ രാഷ്ട്രീയത്തെ കുറിച്ചോ ഭൂരിഭാഗം തദ്ദേശിയർക്കും അറിവില്ല.

ജില്ലയിലെ കൃഷിഭൂമി അവശേഷിച്ച ഏതാനും പഞ്ചായത്തുകളിലൊന്നാണ് മാടക്കത്ര. ഇവിടത്തെ ചെറുകിട തൊഴിൽമേഖലയായി പ്ലാന്റ് നേഴ്സറി യൂണിറ്റുകളും യഥേഷ്ടമുണ്ട്. ജലക്ഷാമത്തെ കുറിച്ച് ഏറെ വ്യാകുലപ്പെടുന്നവരും ഇവരാണ്.

സമീപവാസികളോടുപോലും അഭിപ്രായമാരായാതെ തുടങ്ങിയ യൂണിറ്റിൽ ഇപ്പോൾ ഇരുപത്തിനാലോളം ജീവനക്കാരുണ്ട്. ഭൂരിഭാഗം പേരും മറ്റു ജില്ലകളിൽ നിന്നുള്ളവരാണെന്ന് നാട്ടുകാർ പറയുന്നു. അതുകൊണ്ടുതന്നെ യൂണിറ്റിന്റെ പ്രവർത്തനങ്ങളെ കുറിച്ച് ആർക്കും വേണ്ടത്ര അറിവില്ല.